(ബി) വാനില കൃഷി ചെയ്യുവാൻ തയ്യാറുള്ളവർക്ക് ആവശ്യമായ വള്ളികളും നടീൽ വസ്തുക്കളും കൊടുക്കുവാൻ പരിപാടിയുണ്ടോ;

(സി) എങ്കിൽ ഇവ വിതരണം ചെയ്തു തുടങ്ങിയോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ വാനിലയുടെ ഉല്പാദനം എത്രയാണ്;

(ഇ) ഇവിടെ ഉല്പാദിപ്പിക്കുന്ന വാനില ഇവിടെ സംസ്കരിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) വാനില കൃഷി വികസിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതിപ്രകാരം 2002-03 വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഈ തുക പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സർക്കാർ ഫാമുകൾക്ക് നൽകിക്കൊണ്ട് ഗുണമേന്മയുള്ള നല്ലയിനം വാനില തൈകൾ ഉണ്ടാക്കുകയും വിതരണം നടത്തുകയും ചെയ്തു.

ഈ സാമ്പത്തിക വർഷത്തിലും ഗുണമേന്മയുള്ള വാനില തൈകളുടെ ഉല്പാദനത്തിനായി വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സർക്കാർ ഫാമുകൾക്ക് നൽകുകയുണ്ടായി. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വാനില തൈകൾ 25% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. ഇതിനുപുറമെ കൃഷി വകുപ്പിന്റെ കീഴിൽ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഗുണമേന്മയുള്ള വാനില തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് വഴിയും വാനില തൈകൾ നൽകിവരുന്നുണ്ട്.

(ബി, സി) സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇവ വിതരണം ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ വാനിലയുടെ ഉല്പാദനം ഏകദേശം 36 ടൺ ആണ് എന്നാണ് കണക്ക്.

(ഇ) വാനില ഉൾപ്പെടെയുള്ള സുഗന്ധ വസ്തുക്കൾക്ക് വിളവെടുപ്പിനുശേഷമുള്ള മൂല്യവർദ്ധനവിനായുള്ള ട്രെയിനിംഗ് പ്രോഗ്രാമിന് 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്പൈസസ് ബോർഡും വാനില സംസ്കരിക്കുന്നതിനു വേണ്ട പരിശീലന പരിപാടികൾ നൽകിവരുന്നു.

തുഞ്ചൻ ഉത്സവം

*20 [230] ശ്രീ. പി. ടി. തോമസ്:
,, അടൂർ പ്രകാശ്:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിലവിലുള്ള തുഞ്ചൻ സ്മാരക ട്രസ്റ്റ് അധികാരമേൽക്കുന്നതിനു മുമ്പ് തുഞ്ചൻ ഉത്സവം നടത്തിയിരുന്നത് എന്നായിരുന്നു;

(ബി) നിലവിലുള്ള ട്രസ്റ്റ് അധികാരമേറ്റ നാൾ മുതൽ പ്രസ്തുത ഉത്സവം നടത്തുന്നത് എന്നാണ്; തുഞ്ചത്താചാര്യൻ ആരാധന നടത്തിയിരുന്ന ഒരു ക്ഷേത്രം തുഞ്ചൻ പറമ്പിലുണ്ടോ;

(സി) അവിടെ ഇപ്പോൾ എന്തെല്ലാം പൂജകളാണ് നടത്തുന്നതെന്ന് വെളിപെടുത്താമോ;

(ഡി) അവിടെ നിത്യപൂജ നടത്താത്തതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) നിലവിലുള്ള തുഞ്ചൻ സ്മാരക ട്രസ്റ്റ് അധികാരമേൽക്കുന്നതിനുമുമ്പ് അതാതു കൊല്ലത്തെ സൗകര്യത്തിനനുസരിച്ച് ഡിസംബർ മുതൽ മാർച്ചു വരെയുള്ള മാസങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിലാണ് തുഞ്ചൻ ഉത്സവം നടത്തിയിരുന്നത്.

(ബി) നിലവിലുള്ള ട്രസ്റ്റ് അധികാരമേറ്റതിനുശേഷം ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ ഏതെങ്കിലും ദിവസങ്ങളിൽ നടത്തിപ്പിന്റെ സൗകര്യത്തിനനുസരിച്ച് ഉത്സവം നടത്തിപ്പോരുന്നു. തുഞ്ചത്താചാര്യൻ ആരാധന നടത്തിയിരുന്ന ഒരു ക്ഷേത്രം തുഞ്ചൻപറമ്പിൽ ഉണ്ട്.

(സി, ഡി) തുഞ്ചൻ സ്മാരകത്തിന്റെ ചരിത്രത്തിൽ അവിടെ നിത്യപൂജ നടത്തുന്ന സമ്പ്രദായം ഒരിക്കലും ഉണ്ടായിട്ടില്ല.

നെൽക്കൃഷിരംഗത്തെ പ്രതിസന്ധി

*21 [231] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ പ്രദേശത്താണ് ഇപ്പോൾ നെൽക്കൃഷി ചെയ്യുന്നത്;

(ബി) ഗ്രാമപ്രദേശങ്ങളിൽ ഒട്ടനവധി കർഷകർ നെൽക്കൃഷിയിൽനിന്നും പിൻവാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതിന് എന്തു പരിഹാരം കാണുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് 2002-03-ലെ കണക്കുപ്രകാരം 3,10,521 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്തുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly